

# ജൈവവൈവിധ്യ ക്ലബ്ബ് ശാക്തീകരണവും ജീവനോപാധി പരിശീലനവും

## 'ടെറേറിയം' നിർമ്മാണം

03.07.2023

എസ്.എൻ കോളേജ്, കൊല്ലം



KERALA STATE
BIODIVERSITY BOARD


**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

email: keralabiodiversity@gmail.com

www.keralabiodiversity.org

0471 2724740

ജൈവവൈവിധ്യ ക്ലബ്ബ്
ശാക്തീകരണവും
ജീവനോപാധി
പരിശീലനവും
'ടെറേറിയം'
നിർമ്മാണം
03.07.2023
എസ്.എൻ കോളേജ്
കൊല്ലം



# ജൈവവൈവിധ്യ ക്ലബ്ബ് ശാക്തീകരണവും ജീവനോപാധി പരിശീലനവും

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ ക്ലബ്ബ് ശാക്തീകരണത്തിനായി ഒട്ടേറെ ഇടപെടലുകൾ നടത്തിവരുന്നു. ജൈവവൈവിധ്യ ക്ലബ്ബുകൾക്ക് ജീവനോപാധി പരിശീലനപരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. പരിപാടിയുടെ ആദ്യഘട്ടമായി കൊല്ലം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ഇരുപത് ജൈവവൈവിധ്യ ക്ലബ്ബ്കളിലെ അംഗങ്ങൾക്കായി 03/07/2023 നു കൊല്ലം എസ്.എൻ കോളേജിൽ വച്ച് **'ടെറേറിയം'** നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

ടെറേറിയം അഥവാ സ്ഫടിക ഉദ്യാനനിർമ്മാണം ജീവനോപാധിയായും വിനോദോപാധിയായും ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ്. അക്വാറിയത്തിൽ മീനുകളെന്നപോലെയാണ് ടെറേറിയത്തിൽ സസ്യങ്ങൾ. ചില്ലുപാത്രത്തിനുള്ളിലെ ഉദ്യാനനിർമ്മാണമാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. ഉദ്യാന നിർമ്മാണത്തിന് സ്ഥലം ഒരു പരിമിതിയാകുന്ന ഇക്കാലത്ത് ഉദ്യാനങ്ങളുടെ ലഘു മാതൃകകൾ ചില്ലു പാത്രങ്ങൾക്കുള്ളിൽ നിർമ്മിച്ചെടുക്കുന്ന സാങ്കേതിക വിദ്യയാണ് ടെറേറിയം.

പന്നൽച്ചെടികൾ, കള്ളി, പായൽച്ചെടികൾ തുടങ്ങിയ സസ്യങ്ങളും ഒപ്പം ചെറുനീരൊഴുക്കും സന്നിവേശിപ്പിച്ചു പ്രകൃതിയുടെ മനോഹര മാതൃകകൾ ചില്ലുപാത്രങ്ങൾക്കുള്ളിൽ തീർക്കുന്ന ടെറേറിയം ഇന്ന് ലോകമെമ്പാടും ജനങ്ങളെ ആകർഷിക്കുന്ന ഒരു വിദ്യയാണ്. 1842 മുതൽ പ്രചാരത്തിൽ വന്ന ടെറേറിയം നിർമ്മാണവിദ്യ ഇന്ന് നഗരങ്ങളിൽ ഒട്ടേറെ സാധ്യതയുള്ളതും, വിപണിമൂല്യവുമുള്ള ഒരു സംരംഭമാണ്.

കുട്ടികളിൽ പഠനത്തോടൊപ്പം വിനോദവും നൈപുണ്യ വികസനവും എന്ന ലക്ഷ്യത്തിലൂന്നിയാണ് ജൈവവൈവിധ്യ ക്ലബ്ബ് അംഗങ്ങൾക്കായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ടെറേറിയം നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

# 'ടെറേറിയം' നിർമ്മാണം പ്രായോഗിക പരിശീലനം

03.07.2023
എസ്.എൻ കോളേജ്
കൊല്ലം

9.00 am



# കാര്യപരിപാടി

(03.07.2023, സമയം : 09.00 AM to 05.00 PM)
എസ്.എൻ കോളേജ്, കൊല്ലം

| | | |
|---|---|---|
| 9.00 ന് | : | രജിസ്ട്രേഷൻ |
| സ്വാഗതം | : | **ഡോ. വിമൽ കുമാർ. സി.എസ്,**<br>പി.എസ്.ഒ, കെ.എസ്.ബി.ബി |
| അധ്യക്ഷൻ | : | **ഡോ. എസ്.വി. മനോജ്,**<br>പ്രിൻസിപ്പൽ, എസ്.എൻ.കോളേജ്, കൊല്ലം |
| ഉദ്ഘാടനം | : | **ഡോ. സി. ജോർജ് തോമസ്**<br>ചെയർമാൻ, കെ.എസ്.ബി.ബി |
| മുഖ്യപ്രഭാഷണം | : | **ശ്രീ. കെ.വി. ഗോവിന്ദൻ**<br>മെമ്പർ, കെ.എസ്.ബി.ബി |
| 'ജീവനോപാധി പരിശീലനം ജൈവവൈവിധ്യക്ലബുകളിലൂടെ' വിഷയാവതരണം | : | **ഡോ. കെ. സതീഷ് കുമാർ**<br>മെമ്പർ, കെ.എസ്.ബി.ബി |
| ആശംസ | : | **ഡോ. നിഷ. എ.പി,**<br>ഹെഡ്, ബോട്ടണി ഡിപ്പാർട്ട്മെന്റ്,<br>എസ്.എൻ.കോളേജ്, കൊല്ലം |
| നന്ദി | : | **ഡോ. അഖില എസ്. നായർ**<br>എസ്.ആർ.ഒ, കെ.എസ്.ബി.ബി |

11.00 മുതൽ

**ടെറേറിയം നിർമ്മാണം പ്രായോഗിക പരിശീലനം**

ശ്രീ. പ്രണവ്. എൻ പ്രദീപ്




**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

email: keralabiodiversity@gmail.com

www.keralabiodiversity.org

0471 2724740